## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1143.** **30.11.2018 ൽ മറുപടിയ്ക്ക്**

## മയക്കമരുന്ന് കേസ്സുകളുടെ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ..എം.കെ.മുനീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എം.ഉമ്മർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മയക്ക മരുന്നുകൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന്റെ ഇടത്താവളമായി കേരളം മാറുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മുൻ വർഷത്തേ അപേക്ഷിച്ച് ഈ വർഷം രജിസ്റ്റർ ചെയ്ത മയക്കമരുന്ന് കേസ്സുകളിൽ വർദ്ധനവ് വന്നിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ | (ബി) | എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14293 എൻ.ഡി.പി.എസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. 2017, 2018 (ഒക്ടോബർ വരെ) വർഷങ്ങളിൽ കണ്ട് പിടിച്ചിട്ടുള്ള മയക്ക് മരുന്ന് കേസ്സുകളുടെ എണ്ണവും തൊണ്ടിമുതലുകളുടെ വിവരവും ചുവടെ ചേർക്കുന്നു. |

| മയക്ക് മരുന്നുകളുടെ പേര് | 2017 | 2018 |
|---|---|---|
| എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണം | 5946 | 6314 |
| കഞ്ചാവ് | 1332.353 കി.ഗ്രാം | 1577.3573 കി.ഗ്രാം |

| | | |
|---|---|---|
| കഞ്ചാവ് ചെടി | 466 | 2019 |
| ഹാഷിഷ് | 1983.148 ഗ്രാം | 63015.834 ഗ്രാം |
| ഹെറോയിൻ | 472.36 ഗ്രാം | 36.580 ഗ്രാം |
| ബ്രൗൺ ഷുഗർ | 234.77 ഗ്രാം | 283.460 ഗ്രാം |
| ഓപിയം | 4789 ഗ്രാം | 65 ഗ്രാം |
| എം.ഡി.എം.എ | 107.63 ഗ്രാം | 31139.147 ഗ്രാം |
| എൽ.എസ്.ഡി | 2.584 ഗ്രാം | 6.318 ഗ്രാം |
| കൊക്കയിൻ | 11.005 ഗ്രാം | |
| ചരസ് | 280.047 ഗ്രാം | 150.190 ഗ്രാം |
| മാന്ത്രിക കുമിൾ | 79 ഗ്രാം | 85 ഗ്രാം |
| നാർക്കോട്ടിക് പൗഡർ | 80 ഗ്രാം | 20 ഗ്രാം |
| നാർക്കോട്ടിക് ആംമ്പ്യൂൾ/ ടാബ്ലറ്റ്സ് | 29486 എണ്ണം | 34782 എണ്ണം |

| | | | |
|---|---|---|---|
| (സി) | കേരളത്തിൽ മയക്കു മരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചു വരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (സി) | മയക്കമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം കർശനമായി തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കർശനമായ വാഹന പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനകൾ സംഘടിപ്പിച്ച് വരുന്നുണ്ട്.<br><br>എല്ലാ വിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാജമദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും ഇത്തരം പ്രവണതകളിൽ നിന്നും അകറ്റി നിർത്തുന്നതിനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നുണ്ട്. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**